**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3980　　20.07.2015 -ൽ മറുപടിക്ക്**

## മുനമ്പം അഴീക്കോട് പാലത്തിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) എറണാകുളം ജില്ലയെ വടക്കൻ ജില്ലകളുമായി ബന്ധിപ്പിക്കുന്ന മുനമ്പം- അഴീക്കോട് പാലത്തിന്റെ നിർമ്മാണത്തിന് സ്വീകരിച്ച & നടപടി വിശദീകരിക്കാമോ ; | (എ) (ബി) അഴീക്കോട് - മുനമ്പം പാലത്തിന്റെ നിർമ്മാണത്തിന് 153 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും എന്നത്തേക്ക് ഭരണാനുമതി നൽകാനാകുമെന്നും വ്യക്തമാക്കാമോ ; | |
| (സി) പാലത്തിന്റെ നിർമ്മാണത്തിന് പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോ ; | (സി) പാരിസ്ഥിതികാനുമതി ലഭിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ; | (ഡി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. സ്ഥലമെടുപ്പിനായി മുനമ്പം ഭാഗത്ത് 4(1) നോട്ടിഫിക്കേഷനും അഴീക്കോട് ഭാഗത്ത് 6(1) നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയായതിനു ശേഷം പാരിസ്ഥിതികാനുമതി, പുതുക്കിയ ഭരണാനുമതി എന്നിവ ലഭിച്ചതിനു ശേഷം മാത്രമേ പണി ആരംഭിക്കുന്നതിന് കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഇ) | പാലത്തിന്റെ നിർമ്മാണത്തി നായി ഏറ്റെടുക്കുന്ന ഭൂമിക്കും വസ്തു വകകൾക്കും നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിന് സ്വീകരിച്ചിരി ക്കുന്ന നടപടി വിശദീകരിക്കാമോ? | (ഇ) | സംസ്ഥാന പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെട്ട ന്നവർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സർക്കാർ ഒരു R&R പാക്കേജ് അംഗീകരിച്ചിട്ടുണ്ട്. ഇതിലെ വ്യവസ്ഥ കൾ അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ